## പതിനാലാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4837** **14.11.2019 -ൽ മറുപടിയ്ക്ക്**

### സ്കൂളുകളിലെ ഹൈടെക്ക് പദ്ധതിയുടെ സമ്പൂർണ വിജയം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.കെ. ശശി**<br>**ശ്രീ. റ്റി.വി.രാജേഷ്**<br>**ശ്രീ. സി. കെ. ശശീന്ദ്രൻ**<br>**ശ്രീ. ഐ.ബി. സതീഷ്** | പ്രൊഫ : സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി എട്ട് മുതൽ പന്ത്രണ്ടുവരെയുള്ള എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും ഹൈടെക്ക് പദ്ധതിക്കായി ഐ.ടി. ഉപകരണങ്ങളുടെ വിന്യാസം പൂർത്തിയാക്കിയിട്ടുണ്ടോ; | (എ) പൂർത്തീകരണം അന്തിമഘട്ടത്തിലാണ്. ഇതിനകം *45000* ക്ലാസ്സ് മുറികൾ ഹൈടെക്കായി മാറി. |
| ബി) വിദ്യാർത്ഥികളുടെ പാഠാസൂത്രണങ്ങളും ഡിജിറ്റൽ വിഭവങ്ങളും പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി സജ്ജീകരിച്ചിട്ടുണ്ടോ; | ബി) ഉണ്ട്. |
| സി) 'സമഗ്ര', ഓൺലൈൻ കണ്ടന്റ് പോർട്ടൽ ലഭ്യമാക്കുന്നതിനുള്ള നടപടിയുടെ പുരോഗതി അറിയിക്കുമോ; ഈ പോർട്ടൽ ഉപയോഗിച്ച് പദ്ധതിയുടെ ഓരോഘട്ടവും മോണിറ്റർ ചെയ്യുന്നതിനും അക്കാദമിക പ്രവർത്തനങ്ങൾ കാര്യക്ഷമമായി കൊണ്ടു പോകുന്നതിനും പര്യാപ്തമാകുന്നുണ്ടോ; | സി) സമഗ്ര ഓൺലൈൻ പോർട്ടൽ പരിശീലനം എല്ലാ അദ്ധ്യാപകർക്കും വിദ്യാഭ്യാസ ഓഫീസർമാർക്കും നൽകിയിട്ടുണ്ട്. ഫലപ്രദമായ രീതിയിൽ അക്കാദമിക മോണിറ്ററിംഗിനുള്ള സംവിധാനം സമഗ്ര പോർട്ടലിൽ ഒരുക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഏതെല്ലാം ചുമതലകളാണ് 'കൈറ്റ്'നെ ഏൽപ്പിച്ചിരുന്നത്; കൈറ്റ് ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | ഡി) | ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി സ്കൂളുകൾക്ക് വിതരണം ചെയ്ത ഉപകരണങ്ങളും സൗകര്യങ്ങളും സേവനങ്ങളും കുട്ടികളുടെ പഠന പ്രവർത്തനങ്ങൾക്ക് പരമാവധി പ്രയോജനപ്പെടുത്തുന്നതിന് ഡിജിറ്റൽ പഠന വിഭവങ്ങൾ സജ്ജമാക്കി ഓൺലൈൻ സംവിധാനത്തിലൂടെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ലഭ്യമാക്കുന്നതിനുള്ള എല്ലാ സാങ്കേതിക പ്രവർത്തനങ്ങളും കൈറ്റ് ആണ് നടത്തുന്നത്. പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി അവലോകന യോഗം നടത്താറുണ്ട്. |
| ഇ) | ഹൈടെക്ക് പദ്ധതിയുടെ സമ്പൂർണ വിജയത്തിനായി അധ്യാപകർക്ക് ഏതെല്ലാം തരത്തിലുള്ള പരിശീലനങ്ങളാണ് നടത്തി വരുന്നതെന്ന് അറിയിക്കുമോ? | ഇ) | പഠന- ബോധന പ്രവർത്തനങ്ങൾ ലളിതവും ആയാസ രഹിതവുമാക്കുന്നതിന് ഡിജിറ്റൽ വിഭവങ്ങളുടെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി ഹൈടെക് ഉപകരണങ്ങൾ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾക്ക് അധ്യാപകരേയും വിദ്യാർത്ഥികളേയും രക്ഷിതാക്കളേയും പ്രാപ്തരാക്കുന്നതിനുള്ള പ്രത്യേക പരിശീലനങ്ങൾ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (കൈറ്റ്) നേതൃത്വത്തിൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ